# 72. ശങ്കരസ്മരണ

അദ്വൈതവേദാന്തത്തിന്റെ പ്രതിഷ്ഠാപകനായ ആദിശങ്കരാചാര്യരുടെ ജീവിതകാലത്തെപ്പററി അഭിപ്രായവ്യത്യാസങ്ങളുണ്ടു്. എങ്കിലും, അദ്ദേഹം ജനിച്ചതു് ക്രിസ്തുവർഷം 788—ലും സമാധിയടഞ്ഞതു് ക്രിസ്തുവർഷം 820—ലുമാണെന്ന അഭിപ്രായത്തിനാണു കൂടുതൽ അംഗീകാരം കൈവന്നിട്ടുള്ളതു്. ഈ അഭിപ്രായത്തെ ആസ്പദമാക്കി ആചാര്യപാദരുടെ ആയിരത്തിയിരുനൂറാം ജന്മദിനം ഭാരതവ്യാപകമായി ഈയാണ്ടിൽ ആഘോഷിക്കപ്പെട്ടുവരികയാണു്.

ശങ്കരാചാര്യരെന്ന ചരിത്രപുരുഷനിലും തന്റെ അനേകം കൃതികളിലൂടെ അദ്ദേഹം പ്രപഞ്ചനംചെയ്ത വേദാന്തദർശനത്തിലും സമകാലഭാരതത്തിനു് അഗാധമായ താല്പര്യമുണ്ടാകാൻ പല കാരണങ്ങളുമുണ്ടു്. ഈ ഭൂഖണ്ഡത്തിലെ ജനസമൂഹങ്ങളുടെ സാംസ്കാരിക ഐക്യത്തെപ്പററി അന്തർദൃഷ്ടിയോടെ ചിന്തിക്കുകയും ആ ഐക്യം ശാശ്വതമായി സ്ഥാപിക്കുന്നതിനുവേണ്ടി ഇന്ത്യയുടെ നാലു സീമാപ്രദേശങ്ങളിൽ നാലു മഠങ്ങളും അനുസ്യൂതമായ ഒരു സന്ന്യാസിപരമ്പരയും സ്ഥാപിക്കുകയുംചെയ്ത ശങ്കരാചാര്യരുടെ പ്രസക്തി ഇന്ത്യയുടെ അഖണ്ഡതയ്ക്കെതിരെ ഗൌരവാവഹങ്ങളായ വെല്ലുവിളികൾ ഉയർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ എന്നത്തേയുംകാൾ കൂടുതലാണു്.

സഹസ്രാബ്ദങ്ങളിലൂടെ പരന്നുകിടക്കുന്ന ഇന്ത്യയുടെ ചരിത്രത്തിൽ ശങ്കരാചാര്യരെപ്പോലെയുള്ള മറെറാരു മഹാപ്രതിഭാശാലിയെ കണ്ടെത്തുക പ്രയാസമാകുന്നു. അനാദ്യന്തമായ പ്രപഞ്ചം, പ്രപഞ്ചത്തിലെ സംഖ്യാതീതരായ മനുഷ്യവ്യക്തികൾ, ഈ മനുഷ്യരുടെ ഓരോരുത്തരുടേയും ജീവിതഭാഗധേയം മുതലായ അടിസ്ഥാനകാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ദൃഢവും ഉജ്ജ്വലവുമായ ധാരണയും ദുർഗ്രഹങ്ങളായ വിഷയങ്ങൾ പ്രതിപാദിക്കുമ്പോഴും അർത്ഥസന്ദേഹത്തിനു് ഇടനൽകാത്ത അദ്ദേഹത്തിന്റെ സ്ഫടികസ്ഫുടമായ പ്രതിപാദനചാതുര്യവും അതുല്യമായ കവിതാശക്തിയും തന്റെ കാലത്തു് ഭാരതഭൂമിയിലെ നിരവധി ആചാര്യകുലങ്ങളിൽ നിലവിലിരുന്ന വിവിധവും വിപുലവുമായ വിജ്ഞാനസഞ്ചയത്തിലെല്ലാം അദ്ദേഹം ആർജിച്ചിരുന്ന അതലസ്പർശിയായ പാണ്ഡിത്യവും ഈശ്വരാവതാരമായി അദ്ദേഹത്തെ ആരാധിക്കാൻ പിൽക്കാലത്തെ ഭാരതീയരെ പ്രേരിപ്പിച്ചു. 32 വർഷം മാത്രം നീണ്ടുനിന്ന അതിഹ്രസ്വമായ ജീവിതകാലത്തിനിടയ്ക്കാണു് ഈ സിദ്ധികളത്രയും ആചാര്യർ സംഭരിച്ചതെന്നതു വിശ്വസിക്കാൻ പ്രയാസമായ ഒരു വസ്തുതയത്രേ. നേട്ടങ്ങളുടെ വൈപുല്യവും പ്രാധാന്യവും ചിരസ്ഥായിയതയും പരിഗണിക്കുമ്പോൾ രാഷ്ട്രനേതാക്കൾക്കിടയിൽ ബുദ്ധനും ഗാന്ധിജിക്കും മദ്ധ്യത്തിൽ അത്യന്തം അഭ്യർഹിതമായ ഒരു സ്ഥാനം ശങ്കരാചാര്യർക്കു് ഇന്ത്യയിൽ എന്നും ഉണ്ടായിരിക്കും.

ഏകവും നിത്യവുമായ ചൈതന്യമാണു് പ്രപഞ്ചത്തിലും അതിലെ അനന്തകോടി ജീവജാലങ്ങളിലും നിഹിതമായിരിക്കുന്നതെന്ന കാഴ്ചപ്പാടു് വേദസംഹിതകളിൽ സാമാന്യമായും ഉപനിഷത്തുകളിൽ പല രൂപങ്ങളിൽ ആവർത്തിച്ചും പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. അനുഭൂതിഗതമായ ഈ യാഥാർത്ഥ്യത്തെ യുക്തിസംഗതമായി പ്രപഞ്ചനംചെയ്യുന്നതിനുള്ള പ്രമുഖ പരിശ്രമമാണു് ബാദരായണരചിതങ്ങളായ ബ്രഹ്മസൂത്രങ്ങൾ. ഉപനിഷത് സാരസംഗ്രഹഭൂതമാണു് ഭഗവദ്ഗീത. ഉപനിഷത്തുക്കളുടെയും ബ്രഹ്മസൂത്രങ്ങളുടെയും ഗീതയുടെയും ഭാഷ്യങ്ങളിലൂടെ ശങ്കരാചാര്യർ അദ്വൈതസിദ്ധാന്തത്തെ ഒരു സമഗ്രദർശനപദ്ധതിയായി വികസിപ്പിച്ചു. വ്യാവഹാരികജീവിതത്തിൽ പ്രകടമായ നാനാത്വം പ്രാതിഭാസികം മാത്രമാണെന്നും പാരമാർത്ഥികദശയിലുള്ളതു് മൗലികമായ

ഏകത്വമാണെന്നും ശ്രുതിപ്രാമാണ്യത്തിന്റെ ബലത്തിൽ അദ്ദേഹം സ്ഥാപിക്കുകയും ചെയ്തു. ഈ ഏകത്വബോധം തന്നെയാണ് പരമപുരുഷാർത്ഥമായ മോക്ഷം. അതാകട്ടെ, കർമജന്യമല്ല; കാരണം, അതൊരു നിത്യസത്യമാണ്. അതിനെ പ്രവൃത്തികൾകൊണ്ട് ഉണ്ടാക്കേണ്ടതില്ല.

എങ്കിലും കർമത്തെ ശങ്കരാചാര്യർ പാടെ നിഷേധിക്കുകയുണ്ടായില്ല. തത്ത്വമീമാംസയിൽ കർമം അപ്രസക്തമെങ്കിലും തന്റെ മതസിദ്ധാന്തത്തിൽ കർമത്തിനും ഭക്തി, യോഗാഭ്യാസം, താന്ത്രികങ്ങളായ പൂജാവിധികൾ, വ്രതോപവാസതീർത്ഥയാത്രാദികൾ, ആചാരാനുഷ്ഠാനങ്ങൾ, ജീവസ്നേഹപരമായ പ്രവർത്തനങ്ങൾ മുതലായവയ്ക്കും അർഹമായ സ്ഥാനം നൽകുവാൻ ഈ മതാചാര്യനു പ്രയാസമുണ്ടായില്ല. അദ്വൈതസിദ്ധാന്തത്തിന്റെ വിശാലമായ ഛത്രച്ഛായയിൽ അന്നോളം ഇന്ത്യയിൽ നിലവിലിരുന്ന പ്രാകൃതങ്ങളോ പരിഷ്കൃതങ്ങളോ ആയ എല്ലാ മതസമ്പ്രദായങ്ങളെയും ശങ്കരാചാര്യർ സമന്വയിച്ചു. സത്യം ഏകമെങ്കിലും സത്യപ്രാപ്തിക്ക് അസംഖ്യങ്ങളായ മാർഗങ്ങളുണ്ടെന്നും സ്വന്തം അഭിരുചിക്ക് അനുസൃതമായ മാർഗത്തിലൂടെ സഞ്ചരിച്ച് ആർക്കും ഏകസത്യത്തിലെത്താമെന്നും ശങ്കരാചാര്യർ പ്രഖ്യാപിക്കുകയും ഷൺമതപ്രചാരണത്തിലൂടെ ഈ പ്രഖ്യാപനത്തെ പ്രായോഗിക ദശയിലെത്തിക്കുകയും ചെയ്തു. പിൽക്കാലത്തു ഹിന്ദുമതമെന്ന പേരിൽ അറിയപ്പെട്ട സനാതനമതത്തിന് സംഘടനാപരമായ ഏകാത്മത നൽകിയതു് ശങ്കരാചാര്യരാകുന്നു. ദാർശനികനെന്ന നിലയിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലാതിരുന്ന ശങ്കരാചാര്യർ മതാചാര്യനെന്ന നിലയിൽ പുലർത്തിവന്ന ഉദാരതയും സഹിഷ്ണുതാമനോഭാവവും നിരീക്ഷകരിൽ എന്നും അത്ഭുതാദരങ്ങൾ ഉണർത്താൻ പര്യാപ്തമാണ്.

മഹാപ്രപഞ്ചത്തെയും പരമാണുഘടനയെയും പഠനവിഷയമാക്കുന്ന ആധുനിക ഭൗതികത്തിന്റെ പല മൗലികസിദ്ധാന്തങ്ങളുമായും ഇണങ്ങിപ്പോകുന്നവയാണ് അദ്വൈതവേദാന്തസിദ്ധാന്തങ്ങൾ. അനുഭൂതിക്കു നൽകുന്ന പരമപ്രാമാണ്യം ഈ സിദ്ധാന്തങ്ങൾക്ക് നിത്യപ്രസക്തി കൈവരുത്തുകയും ചെയ്യുന്നു. 'സയൻസിന്റെ മതം' എന്ന പദവി അദ്വൈതവേദാന്തത്തിനു പല ആധുനിക ചിന്തകരും നൽകുന്നതു് ഇക്കാരണങ്ങൾകൊണ്ടാണ്.

അതേസമയം, ആധുനിക കാലത്തിന്റേതായ മനുഷ്യസമത്വസിദ്ധാന്തത്തിനു തീരെ നിരക്കാത്ത വർണധർമസിദ്ധാന്തത്തെ പ്രായോഗികജീവിതത്തിൽ ശങ്കരാചാര്യർ അംഗീകരിച്ചിരുന്നു എന്ന വസ്തുത നാം മറന്നുകൂടാത്തതാണ്. ശങ്കരാചാര്യരുടെ സന്ന്യാസിശിഷ്യന്മാരാണെങ്കിൽ പ്രായേണ ജാതിവ്യവസ്ഥയെ അരക്കിട്ടുറപ്പിക്കുന്നതിനാണ് പരിശ്രമിച്ചുവന്നതു്. വർണവും ജാതിയും തമ്മിൽ വേർതിരിക്കുക ഇന്നത്തെ സാഹചര്യത്തിൽ അസാദ്ധ്യമാകുന്നു. എന്നാൽ, ആധുനിക കാലഘട്ടത്തിലെ ശങ്കരാനുയായികളിൽ പ്രമുഖരായ രാമകൃഷ്ണവിവേകാനന്ദന്മാരും നാരായണഗുരുസ്വാമികളും വർണ(ജാതി)ധർമസിദ്ധാന്തത്തെ സമ്പൂർണമായും നിരസിച്ചിട്ടുണ്ടെന്ന കാര്യവും ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു. ജാതിവ്യവസ്ഥയെയും വർണധർമസങ്കല്പത്തെയും അടിയോടെ പിഴുതുനീക്കിയാലും ശങ്കരാചാര്യർ പ്രചരിപ്പിച്ച മതസമ്പ്രദായത്തിനു യാതൊരു കോട്ടവും സംഭവിക്കുകയില്ല. യഥാർത്ഥത്തിൽ ഇവ നീക്കംചെയ്തുകഴിയുമ്പോഴേ ആ മതസമ്പ്രദായത്തിന്റെ ആധാരമായ അദ്വൈതദർശനം പ്രായോഗികപദവിയിൽ പ്രതിഷ്ഠ നേടുകയുള്ളൂ.

ശങ്കരാചാര്യരെ അനുസ്മരിക്കുമ്പോൾ നാം ചെയ്യുന്നതു് ഭാരതസംസ്കാരത്തിന്റെ നൈരന്തര്യത്തിലും ഭാരതരാഷ്ട്രത്തിന്റെ അഖണ്ഡതയിലുമുള്ള നമ്മുടെ വിശ്വാസം ഉറപ്പിക്കുകയാണ്; സർവമതസമന്വയത്തെ അംഗീകരിക്കുകയാണ്; മനുഷ്യരുടെ സാഹോദര്യത്തെ മാത്രമല്ല, ജീവിവർഗത്തിന്റെ മൗലികമായ ഐക്യത്തെക്കൂടി പ്രഖ്യാപിക്കുകയാണ്. മനുഷ്യചേതനയുടെ നിത്യസ്വപ്നമത്രേ അസത്തിൽനിന്നു സത്തിലേക്കും തമസ്സിൽനിന്നു ജ്യോതിസ്സി

ലേക്കും മൃത്യുവിൽനിന്നു് അമൃതത്തിലേക്കുമുള്ള നിരന്തരപ്രയാണം. ഈ തീർത്ഥയാത്രയുടെ ദുർഗമപഥത്തിൽ ശ്രീശങ്കരനെക്കാൾ കൂടുതൽ പ്രകാശം ചൊരിഞ്ഞ മറ്റൊരു ദീപയഷ്ടിവാഹകൻ ഉണ്ടായിട്ടില്ല. ശങ്കരാചാര്യരുടെ കൃതികൾക്കുള്ള രൂപസൗന്ദര്യവും ഭാവഗാംഭീര്യവും പന്ത്രണ്ടു നൂറ്റാണ്ടുകൾക്കു ശേഷം ഇന്നും അക്ഷുണ്ണമായിത്തന്നെ വർത്തിക്കുന്നു. വിവർത്തനങ്ങളിലൂടെയെങ്കിലും ഈ കൃതികളുടെ മുഖപരിചയം നേടാത്ത ഭാരതീയന്റെ വിദ്യാഭ്യാസം അപൂർണമായേ പരിഗണിക്കപ്പെടുകയുള്ളു. ശങ്കരാചാര്യരുടെ ആയിരത്തിരുനൂറാം ജയന്തിയാഘോഷങ്ങളിൽനിന്നു കൈവന്ന ആവേശം അദ്ദേഹത്തിന്റെ കൃതികൾ മൂലസംസ്കൃതത്തിലും സുബോധങ്ങളായ വിവർത്തനങ്ങളിലൂടെ പ്രാദേശികഭാഷകളിലും ലഭ്യമാക്കുന്നതിനുള്ള ഒരു ദേശീയപ്രയത്നത്തിനു പ്രേരണ നൽകട്ടെ.

(21 ഏപ്രിൽ, 1988)

# 73. പഴശ്ശി കേരളവർമ

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കീഴിൽ വടക്കേ മലബാറിലെ സബ് കലക്ടർ ആയിരുന്ന തോമസ് ഹാർവേ ബാബർ നയിച്ച ഒരു സംഘം പട്ടാളക്കാരുമായുള്ള ഏറ്റുമുട്ടലിൽ വയനാട് മൈസൂർ അതിർത്തിയിൽ കങ്കരാപ്പുഴയുടെ തീരത്തുള്ള ഒരു കാട്ടിൽ 1805 നവംബർ 30—ാം തീയതി മരിച്ചുവീണ പഴശ്ശി കേരളവർമ എന്ന കോട്ടയത്തുതമ്പുരാന്റെ നൂറ്റെൺപത്തിനാലാം ചരമദിനം അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം സംസ്കരിച്ച മാനന്തവാടിയിൽ പ്രവർത്തിക്കുന്ന പഴശ്ശി ഫൗണ്ടേഷൻ ആൻഡ് റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ നവംബർ 28, 29, 30 തീയതികളിൽ വിവിധ പരിപാടികളോടെ ആഘോഷിക്കപ്പെടുകയുണ്ടായി.

പഴശ്ശിത്തമ്പുരാന്റെ ചിത എരിഞ്ഞടങ്ങിയ സ്ഥലത്തു നിർമിക്കപ്പെട്ടിരുന്ന ചെങ്കൽമാടത്തെ തടിക്കുള്ളിൽ ഒതുക്കിക്കൊണ്ടു വളർന്നുനില്ക്കുന്ന കൂറ്റൻ കോളിമരം ഒമ്പതു വർഷത്തോളം ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പട്ടാളത്തെ വെല്ലുവിളിച്ച വയനാടൻ വനങ്ങളിൽ ഒളിപ്പോർ നടത്തിയ ആ ധീരദേശാഭിമാനിക്കു് എന്തുകൊണ്ടും ഉചിതമായ ഒരു സ്മാരകമാണു്. ഈ മരത്തിനു ചുറ്റുമായി എളിമയുടെ ഗൗരവം മുറ്റിനില്ക്കുന്ന ഒരു ചെറുമതിൽക്കെട്ടു് ഇപ്പോൾ ഉയർത്തപ്പെട്ടിട്ടുണ്ടു്. പഴശ്ശിത്തമ്പുരാന്റെ കാലത്തേയും ജീവിതത്തേയും അനുസ്മരിപ്പിക്കുന്ന കലാവസ്തുക്കളും ചരിത്രരേഖകളും ഉൾക്കൊള്ളുന്ന ഒരു സ്മാരകസൗധം ഇതിനടുത്തുതന്നെ പണിതുയർത്തുവാൻ ശ്രമം ആരംഭിച്ചിരിക്കുന്നു. വിദേശാധിപത്യത്തെ പിഴുതെറിയുന്നതിനുള്ള പരിശ്രമത്തിൽ ജീവൻ ബലികഴിച്ച ഹുതാത്മാക്കളുടെ സ്മരണപോലെ ദേശാഭിമാനോത്തേജകമായ മറ്റൊന്നു് ഇല്ലതന്നെ.

'രക്തസാക്ഷികൾ തൻ ചിതാവേദിയി—
ലുത്സവമാണ്ടുതോറുമിരമ്പണം;
നാടിനായ് ജീവനർപ്പിച്ചവർക്കിതിൻ
മീതെയെന്തു സമർഹമാം സ്മാരകം?'

എന്ന അർത്ഥത്തിലുള്ള പ്രശസ്തമായ ഉർദു കവിതയാണു് ഈ സന്ദർഭത്തിൽ ഓർമയിലെത്തുന്നതു്.

കേരളത്തിലെ മിക്ക രാജവംശങ്ങളുടേയുമെന്നപോലെ കോട്ടയം രാജവംശത്തിന്റെയും ചരിത്രം ആരംഭിക്കുന്നതു് ഐതിഹ്യങ്ങളുടെ മൂടൽമഞ്ഞിലാണു്. കേരളവർമയുമായി നീണ്ട കാലം നടന്ന സംഘർഷത്തിനിടയ്ക്കു് ബ്രിട്ടീഷ്